# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1634** — **14.12.2012-ൽ മറുപടിക്ക്**

## പരമ്പരാഗത നെൽവിത്തിനങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.പി. തിലോത്തമൻ<br>ശ്രീ.കെ.രാജു<br>ശ്രീമതി ഗീതാ ഗോപി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കേരളത്തിലെ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ; | എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2012-2013 വർഷം നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. കേരളത്തിലെ പരമ്പരാഗത വിത്തിനങ്ങളായ പൊക്കാളി, ഞവര, ബസ്മതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 10000/- രൂപ നിരക്കിൽ 1000 ഹെക്ടറിലേക്ക് 100 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് ഇതിനായി എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്രാനുമതി ലഭിക്കാതിരിക്കുന്നതെന്തു കൊണ്ടാണെന്ന് അറിയാമോ; | ബി) രണ്ട് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ പരിഗണിക്കാമെന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്; വിശദമാക്കുമോ? | സി) കേരളത്തിലെ നെല്ലിനങ്ങളായ പൊക്കാളി, ഞവര, ബസ്മതി എന്നിവയുടെ സംരക്ഷണത്തിനായി 2012-13 വർഷം 1000 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10000/- രൂപ നിരക്കിൽ ആനുകൂല്യം നൽകി, 100 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2012-13 വർഷം നടപ്പിലാക്കുന്ന 19460/- ലക്ഷം രൂപയുടെ പദ്ധതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയിരിക്കുന്ന തുക (ലക്ഷം) |
|---|---|---|
| 1 | ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹനം | 2700.00 |
| 2 | കരനെൽകൃഷി | 250.00 |
| 3 | പി.പി.എസ്.ആർ.ഐ | 1550.00 |
| 4 | ഉൽപ്പാദന ക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി | 100.00 |
| 5 | പ്രത്യേക നെല്ലിനങ്ങളുടെ പദ്ധതി | 100.00 |
| 6 | ആർ.കെ.വി.വൈ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി | 3000.00 |
| 7 | ആർ.കെ.വി.വൈ തരിശു കൃഷി പ്രോൽസാഹനം | 120.00 |
| 8 | നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായം | 150.00 |
| 9 | എം.എം.എ. നെൽകൃഷി | 517.55 |
| 10 | കുട്ടനാട് പാക്കേജ് - തരിശ് നിലകൃഷി | 75.00 |
| 11 | ഉൽപ്പാദന ബോണസ് | 1138.00 |
| 12 | ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി | 259.30 |
| 13 | നെല്ല് സംഭരണം | 950.00 |
| | **ആകെ** | **19460.00** |